**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 495** **23-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | കുട്ടനാട്ടിൽ പ്ലാൻ, NABARD, SDRF എന്നീ പദ്ധതികളിൽപെടുത്തിയുള്ള ഇറിഗേഷൻ പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു. കൂടാതെ പ്രാദേശിക തലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (ബി) | നിലവിൽ കുട്ടനാട്ടിൽ നടപ്പാക്കി വരുന്ന ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ? | (ബി) | 2019-20 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 32 കോടി രൂപയുടെ 19 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2020-21 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി ഷെയർ ഡെബിറ്റ് ഉൾപ്പെടെ 17.40 കോടി രൂപയും, നബാർഡ് ആർ.ഐ.ഡി.എഫ് - ലുൾപ്പെടുത്തി ഷെയർഡെബിറ്റ് ഉൾപ്പെടെ 29.02 കോടി രൂപയും പ്രവൃത്തികൾക്കായി വകയിരുത്തി യിട്ടുണ്ട്. പ്ലാൻ സ്കീമിൽ 42 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതിൽ 15 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നബാർഡ് ആർ.ഐ.ഡി.എഫ് ൽ 7 പ്രവൃത്തി കൾക്കാണ് ഭരണാനുമതി നൽകിയത്. അതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ബാക്കി പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുകയും ചെയ്യുന്നു. 2021-22 ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ 30 കോടി രൂപയും (ഉപയോഗിക്കാവുന്ന തുക 24.7 കോടി) നബാർഡിൽ 29 കോടി രൂപയും (ഉപയോഗിക്കാവുന്ന തുക 23.89 കോടി) രൂപയും വകയിരുത്തിയിട്ടുണ്ട് അതിൽ പ്ലാൻ സ്കീമിൽ 38 പ്രവൃത്തികളും നബാർഡ് ആർ.ഐ.ഡ്.എഫ് ൽ 6 പ്രവൃത്തികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | വിവിധ പദ്ധതികളിലായി 593 പ്രവൃത്തി കൾക്ക് ഭരണാനുമതി നൽകിയതിൽ 511 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ